I ഇ.ബി. XV - കേരള നിയമസഭ/VIII-15

# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 മാർച്ച് 13, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. **അനുമോദനം**

ഓസ്കാർ അവാർഡ് ജേതാക്കൾക്ക് അനുമോദനം

മി. സ്പീക്കർ: മികച്ച ഡോക്യുമെന്ററി ഫിലിം, ഒറിജിനൽ സോംഗ് വിഭാഗങ്ങളിൽ ഓസ്കാർ അവാർഡ് കരസ്ഥമാക്കി ലോകത്തിന്റെ നെറുകയിൽ രാജ്യത്തിന്റെ യശസ്സുയർത്തിയ പ്രതിഭകളെ മുക്തകണ്ഠം അഭിനന്ദിക്കുകയും ആദരിക്കുകയും ചെയ്യുന്നു. ഈ അപൂർവ്വനേട്ടത്തിൽ എല്ലാ ഇന്ത്യക്കാർക്കുമുള്ള സന്തോഷത്തിൽ കേരള നിയമസഭയും പങ്കുചേരുന്നു.

## II. അടിയന്തരപ്രമേയം

ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിലെ തീപിടിത്തം

മി. സ്പീക്കർ: കൊച്ചി ബ്രഹ്മപുരത്തെ മാലിന്യസംസ്കരണ പ്ലാന്റിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾക്കടക്കമുണ്ടായ തീപിടിത്തത്തിൽ മാരകമായ വിഷവാതകം അന്തരീക്ഷത്തിൽ പടർന്നതുമൂലം ജനങ്ങളിൽ ആരോഗ്യപ്രശ്നങ്ങളുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. ജെ. വിനോദ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ബ്രഹ്മപുരം മാലിന്യപ്ലാന്റിൽ അഗ്നിബാധ റിപ്പോർട്ട് ചെയ്തപ്പോൾത്തന്നെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഇന്നലെ വൈകുന്നേരത്തോടെ തീ പൂർണ്ണമായും അണച്ചിട്ടുണ്ടെന്നും വായുമലിനീകരണത്തോത് ഗണ്യമായ രീതിയിൽ മെച്ചപ്പെട്ടിട്ടുണ്ടെന്നും എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വരുംമണിക്കൂറുകളിൽ

വീണ്ടും പുകയോ തീയോ ഉണ്ടാകാനുള്ള സാധ്യതകൂടി കണക്കിലെടുത്ത് അഗ്നിശമനസേന ശക്തമായ പ്രതിരോധപ്രവർത്തനങ്ങൾ ഒരുക്കിയിട്ടുണ്ട്. ബ്രഹ്മപുരത്ത് രണ്ട് ഓക്സിജൻ പാർലറുകൾ സജ്ജമാക്കുകയും ആരോഗ്യ വകുപ്പിന്റെ കീഴിൽ ഡി.എം.ഒ. ഓഫീസ്, കളമശ്ശേരി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ കൺട്രോൾ റൂമുകൾ തുറക്കുകയും ചെയ്തിരുന്നു. വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുകയും കിടത്തി ചികിത്സയ്ക്കുവേണ്ട ക്രമീകരണങ്ങളേർപ്പെടുത്തുകയും പൾമണോളജിസ്റ്റുകളുടെ സേവനം ലഭ്യമാക്കുകയും തൃപ്പൂണിത്തുറ താലൂക്കാശുപത്രിയിൽ 20-ഉം എറണാകുളം ജനറലാശുപത്രിയിൽ 100-ഉം ബെഡ്ഡുകൾ സജ്ജമാക്കുകയും കളമശ്ശേരി മെഡിക്കൽ കോളേജിൽ പീഡിയാട്രിക് ഹൈഡിപ്പൻഡൻസി യൂണിറ്റ്, സ്മോക് കാഷ്വാലിറ്റി എന്നിവ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്നലെ വൈകുന്നേരംവരെ 851 പേർ ആശുപത്രികളിലെത്തിയിട്ടുള്ളതായി എറണാകുളം ഡി.എം.ഒ. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ 10 ദിവസങ്ങളിലായി 9 മെഡിക്കൽ ക്യാമ്പുകൾ അവിടെ നടത്തിയിട്ടുണ്ട്. ദുരന്തമുണ്ടായ സ്ഥലത്ത് ആശാ വർക്കർമാരെ ഉപയോഗിച്ച് ഫീൽഡുതല സർവ്വേ നടത്താനും സ്വകാര്യ ആശുപത്രികളുടേതുൾപ്പെടെയുള്ള മൊബൈൽ

ക്ലിനിക്കുകളുടെ സേവനം ലഭ്യമാക്കാനും ഗർഭിണികൾക്കായി ആന്റിനാറ്റൽ സ്ക്രീനിംഗ് നടത്താനും തീരുമാനിച്ചിട്ടുണ്ട്. പൊതുജനാരോഗ്യാവസ്ഥ സൂക്ഷ്മമായി അവലോകനം ചെയ്യുകയും വിദഗ്ധരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യസംരക്ഷണത്തിന് ക്രമീകരണങ്ങളൊരുക്കുകയും പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: ബ്രഹ്മപുരം മാലിന്യ പ്ലാന്റിലെ തീപിടിത്തംമൂലമുണ്ടായ വിഷപ്പുക കൊച്ചിയിലെയും പരിസര പ്രദേശങ്ങളിലെയും ജനജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. കടകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഓഫീസുകൾ എന്നിവയുടെ പ്രവർത്തനം പൂർണ്ണമായും നിലയ്ക്കുകയും ടൂറിസം മേഖല വലിയ പ്രതിസന്ധിയിലുമാണ്. തീ പൂർണ്ണമായും അണയ്ക്കാൻ ഇതുവരെ സാധിച്ചിട്ടില്ലെന്നുമാത്രമല്ല ഫയർ എഞ്ചിനുകൾക്ക് ആവശ്യത്തിനുള്ള ജലം ലഭിക്കുന്നുമില്ല. വായുമലിനീകരണം അതിരൂക്ഷമാണെന്നും അന്തരീക്ഷത്തിൽ കാർബണിന്റെ അളവ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നുവെന്നും മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചിട്ടും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പ്രതിഷേധം ഭയന്ന് സർക്കാരും കോർപ്പറേഷനും വിഷയങ്ങൾ ലഘൂകരിക്കാനാണ് ശ്രമിക്കുന്നത്. ബഹു. കേരള ഹൈക്കോടതി ഇടപെട്ടതിനുശേഷമാണ്

സർക്കാർ പ്രതിരോധ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയത്. തീപിടിച്ച് 9 ദിവസങ്ങൾക്കുശേഷമാണ് സ്ഥിതി വിലയിരുത്താൻ രണ്ട് മന്ത്രിമാർ പ്ലാന്റ് സന്ദർശിച്ചത്. തീയണയ്ക്കാനുള്ള പരമ്പരാഗത രീതിക്ക് മാറ്റം വരുത്തിക്കൊണ്ട് കാലാനുസൃതമായി ഫയർ ആൻഡ് റെസ്ക്യൂ വിഭാഗത്തെ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. തീ നിയന്ത്രിക്കുന്നതിനും പ്രത്യാഘാതങ്ങൾ മനസ്സിലാക്കുന്നതിനും ജില്ലാകളക്ടറും നഗരസഭയും പരാജയപ്പെട്ടു. ആദ്യത്തെ രണ്ടുദിവസം തീ അണയ്ക്കുന്നതിൽ ഒരു ഏകോപനവും ഉണ്ടായില്ലെന്നുമാത്രമല്ല, തീ പടരാത്ത സ്ഥലങ്ങൾ സുരക്ഷിതമാക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടില്ല. പുകമൂലം ആയിരത്തോളം ആളുകൾ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ അഭയം പ്രാപിച്ചിരിക്കുകയും ഇരട്ടിയിലധികം ആളുകൾ വീടുകളിൽ ബുദ്ധിമുട്ടുകയുമാണ്. ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിലെ തീപിടിത്തവുമായി ബന്ധപ്പെട്ട് ഹ്രസ്വ-ദീർഘകാല ആരോഗ്യ പ്രശ്നങ്ങളുണ്ടാകാമെന്നാണ് ആരോഗ്യപ്രവർത്തകർ പറയുന്നത്. ബ്രഹ്മപുരം പ്ലാന്റുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള അഴിമതി ആരോപണങ്ങളിൽ സമഗ്രമായ അന്വേഷണം നടത്തണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ബ്രഹ്മപുരം മാലിന്യ സംസ്കരണപ്ലാന്റിലെ തീപിടിത്തം വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. തീ പടരുന്നത് നിയന്ത്രിക്കാൻ അഗ്നിശമന-നാവിക സേനകളെ വിന്യസിക്കുകയും കൺട്രോൾ റൂം സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. തീ നിയന്ത്രിക്കാൻ സാധിച്ചുവെങ്കിലും പുകയ്ക്ക് ശമനമുണ്ടാകാത്തതിനാൽ ഉന്നതതല യോഗം ചേർന്ന് വായുവിന്റെ ഗുണനിലവാരം നിരന്തരമായി മോണിറ്റർ ചെയ്യാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ഫയർഫോഴ്സ്, നേവി, എയർഫോഴ്സ് എന്നിവയുടെ പ്രവർത്തനം ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. തീ അണയ്ക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ ശരിയായതും ശാസ്ത്രീയമായതുമായിരുന്നുവെന്ന് വിദഗ്ദ്ധർ അംഗീകരിച്ചിട്ടുണ്ട്. സർക്കാർ കാര്യക്ഷമമായും ഫലപ്രദമായുമാണ് ഇക്കാര്യത്തിൽ ഇടപെട്ടിട്ടുള്ളത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ യോജിച്ചുനിന്ന് നേരിടേണ്ട ഒരു പ്രശ്നമാണിത്. കൊച്ചി കോർപ്പറേഷന് ചുറ്റുമുള്ള നഗരസഭകളിലെ മാലിന്യംകൂടി ഇവിടെ നിക്ഷേപിച്ചതുകൊണ്ടാണ് വലിയ തോതിലുള്ള മാലിന്യമല രൂപപ്പെട്ടത്. എയർ ക്വാളിറ്റി നിരന്തരമായി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പരിഭ്രാന്തരാകേണ്ട സാഹചര്യം ഒരുഘട്ടത്തിലുമുണ്ടായിട്ടില്ല. ജനങ്ങളിൽ

പരിഭ്രാന്തി പരത്താനുള്ള വസ്തുതാവിരുദ്ധമായ പ്രചരണമാണ് ചില മാധ്യമങ്ങൾ നടത്തുന്നത്. 2009-ൽ മികച്ച സീറോ വേസ്റ്റ് നഗരത്തിനുള്ള കേന്ദ്ര സർക്കാരിന്റെ അവാർഡ് ലഭിച്ച കൊച്ചിയെ മാലിന്യമലയായി മാറ്റിയതിന്റെ ഉത്തരവാദിത്വം ആർക്കാണെന്ന് വിലയിരുത്തണം. ബ്രഹ്മപുരത്ത് ഇതിനുമുമ്പും പലതവണ മാലിന്യക്കൂമ്പാരങ്ങൾക്ക് തീപിടിച്ചിട്ടുണ്ട്. ഇപ്പോഴുണ്ടായ തീപിടിത്തം പത്തുദിവസത്തിനുള്ളിൽ നിയന്ത്രിക്കാനും സ്ഥിതിഗതികൾ പൂർണ്ണമായും നിയന്ത്രണ വിധേയമാക്കാനും കഴിഞ്ഞിട്ടുണ്ട്. മുൻപരിചയമില്ലാത്ത വ്യാജ/കടലാസ് കമ്പനിക്കാണ് മാലിന്യസംസ്കരണത്തിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നതെന്ന പ്രചരണം വസ്തുതാവിരുദ്ധമാണ്. പന്ത്രണ്ട് സംസ്ഥാനങ്ങളിലെ രണ്ട് ഡസനോളം നഗരങ്ങളിൽ മാലിന്യ സംസ്കരണം നടത്തിവരുന്ന കമ്പനിക്കാണ് ബ്രഹ്മപുരത്തെ മാലിന്യസംസ്കരണ കരാർ നൽകിയിട്ടുള്ളത്. സംസ്ഥാനത്തുടനീളമുള്ള ലെഗസി വേസ്റ്റ് നീക്കം ചെയ്ത് 45 ഏക്കർ സ്ഥലം ഈ ഗവൺമെന്റിന്റെ കാലത്ത് വീണ്ടെടുത്തിട്ടുണ്ട്. കൊച്ചി നഗരത്തെ മാലിന്യമുക്തമാക്കാനുള്ള പരിശ്രമത്തിന് പ്രതിപക്ഷ പിന്തുണ അഭ്യർത്ഥിക്കുന്നു. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിലെ തീപിടിത്തംമൂലം ഉണ്ടാകാനിടയുള്ള ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഡി.എം.ഇ.-യുടെയും ഡി.എച്ച്.എസ്.-ന്റെയും നേതൃത്വത്തിലുള്ള ഉന്നത എക്സ്പെർട്ട് പാനലിന്റെ നേതൃത്വത്തിൽ 24 മണിക്കൂറും അടിയന്തര ചികിത്സാ സൗകര്യം ഏർപ്പെടുത്തുകയും മൊബൈൽ ക്ലിനിക്കുകളും സ്പെഷ്യാലിറ്റി ക്ലിനിക്കുകളും ആരംഭിച്ച് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ചികിത്സ തേടിയ 851 പേരിൽ 769 പേരും സർക്കാർ സംവിധാനങ്ങളാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. കൊച്ചിയിലെ സാഹചര്യം സംബന്ധിച്ച് ആഗോളതലത്തിൽ ആരോഗ്യവിദഗ്ദ്ധരുമായി ചർച്ച നടത്തുകയും വിഷയത്തിൽ റിപ്പോർട്ട് സമർപ്പിക്കാൻ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ബ്രഹ്മപുരത്തെ തീപിടിത്തംമൂലം നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും അയൽ ജില്ലകളിലും

വിഷപ്പുക നിറഞ്ഞിരിക്കുകയാണ്. ഹ്രസ്വകാലത്തേയ്ക്ക് ചൊറിച്ചിൽ, ശ്വാസംമുട്ടൽ, ചുമ, ഛർദ്ദി തുടങ്ങിയ പ്രശ്നങ്ങളും ഭാവിയിൽ ക്യാൻസർ ഉൾപ്പെടെ ശരീരത്തിന്റെ മുഴുവൻ അവയവങ്ങളെയും ബാധിക്കാനിടയുള്ള മാരകരോഗങ്ങളും ഉണ്ടാകാൻ സാധ്യതയുണ്ടെന്നാണ് ഐ.എം.എ. പ്രസിഡന്റ് ഉൾപ്പെട്ട വിവിധ വിഭാഗം സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ യോഗത്തിൽ അഭിപ്രായപ്പെട്ടത്. തീപിടിച്ച് മൂന്ന് ദിവസത്തിനുശേഷം കൊച്ചിയിൽ ആരോഗ്യ പ്രശ്നങ്ങളില്ലെന്ന തരത്തിലുള്ള ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രസ്താവന ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കണം. പ്രതിഷേധം ഭയന്ന് വിഷയം ലഘൂകരിക്കാനുള്ള ഗവൺമെന്റിന്റെ ശ്രമഫലമായാണ് പ്രശ്നം ഇത്രയധികം സങ്കീർണ്ണമായത്. തീ അണയ്ക്കാൻ ഉപയോഗിച്ച ലക്ഷക്കണക്കിന് ലിറ്റർ വെള്ളം കടമ്പ്രയാറിലേയ്ക്ക് ഒഴുകിയെത്തിയതോടെ അവിടത്തെ വായുവും വെള്ളവും പൂർണ്ണമായും മലിനീകരിക്കപ്പെട്ടിരിക്കുകയാണ്. വിഷവാതകം ശ്വസിച്ചതുമൂലം ഭാവിയിൽ ഉണ്ടാകാനിടയുള്ള ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്താൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. നാവികസേനയുടെ പരിമിതമായ സേവനം ലഭിച്ചുവെന്നല്ലാതെ ഈ ക്രൈസിസ് മറികടക്കാൻ ജില്ലാ ഭരണകൂടമോ സർക്കാരോ ഉത്തരവാദിത്വം

കാണിക്കാത്തത് ദൗർഭാഗ്യകരമാണ്. ബ്രഹ്മപുരത്തെ മാലിന്യസംസ്കരണ പ്ലാന്റിൽ അടിഞ്ഞുകൂടിയ ലെഗസി വേസ്റ്റ് സംസ്കരിക്കുന്നതിന് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഒരു കരാറുകാരനെ കൊണ്ടുവന്ന് 22 കോടി രൂപ മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുണ്ട്. കാലാവധി കഴിഞ്ഞിട്ടും അവിടെ യാതൊരു പ്രവൃത്തിയും പരിശോധനയ്ക്ക് ചെല്ലുമ്പോൾ ചെയ്തിട്ടില്ലെന്ന് വ്യക്തമാകുമെന്നതിനാൽ ആ കമ്പനിയാണ് മാലിന്യക്കൂമ്പാരത്തിൽ പെട്രോൾ ഒഴിച്ച് കത്തിച്ചത്. ഇത്രയും വലിയ അഴിമതിയിൽ മുങ്ങിയ സംഭവം നടന്ന് 12 ദിവസമായിട്ടും പ്രാഥമിക അന്വേഷണം നടത്താൻപോലും തയ്യാറായിട്ടില്ല. ഇതുസംബന്ധിച്ച് ഗൗരവമായി അന്വേഷിക്കാൻ സർക്കാർ തയ്യാറാകണം.

(പ്രതിപക്ഷ നേതാവിന്റെ പരാമർശവുമായി ബന്ധപ്പെട്ട ബഹളത്തെത്തുടർന്ന് പ്രതിപക്ഷം ഒന്നടങ്കം സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് ബാനറും പ്ലക്കാർഡുകളുമുയർത്തി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹു. സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടന്നു.)

## III. ശ്രദ്ധക്ഷണിക്കൽ

### കേന്ദ്രപദ്ധതി തൊഴിലാളികളുടെ വേതന പ്രശ്നങ്ങൾ

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u> കേന്ദ്ര സ്കീമുകളുടെ ഭാഗമായ ആശ, അങ്കണവാടി, എൻ.എച്ച്.എം., നാഷണൽ ആയുഷ് മിഷൻ, ക്രഷെ, സ്കൂൾ ഉച്ചഭക്ഷണം പാകം ചെയ്യൽ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ മേഖലകളിൽ ആയിരക്കണക്കിന് അഭ്യസ്തവിദ്യരും തൊഴിൽ വൈദഗ്ദ്ധ്യമുള്ളവരുമാണ് മതിയായ പരിരക്ഷയില്ലാതെ ജോലി ചെയ്തുവരുന്നത്. തൊഴിലാളികളുടെ അദ്ധ്വാനഭാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മനസ്സിലാക്കാത്തതും സമയനിഷ്ഠയില്ലാത്ത ജോലിയും പുതിയ ഉത്തരവാദിത്വവും തൊഴിലാളികൾക്ക് പ്രയാസം സൃഷ്ടിക്കുന്നുണ്ട്. കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതിയിൻകീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ബുദ്ധിമുട്ട് കണക്കിലെടുത്തും സ്ത്രീ തൊഴിലാളികളെന്ന പരിഗണന നൽകിയും മതിയായ ഓണറേറിയവും ആനുകൂല്യങ്ങളും ലഭ്യമാക്കാൻ മുൻകയ്യെടുക്കുന്നതോടൊപ്പം പ്രസ്തുത തൊഴിലാളികൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഹൈലെവൽ കോൺഫറൻസ് നടത്താനും ട്രേഡ് യൂണിയൻ സംഘടനകളുമായി ചർച്ച നടത്തി പ്രശ്നപരിഹാരം കാണാനും നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കേരളത്തിൽ ആശ പദ്ധതിയിൻകീഴിൽ ഗ്രാമ/നഗരപ്രദേശങ്ങളിലും ട്രൈബൽ മേഖലയിലുമായി പ്രവർത്തിച്ചുവരുന്നവർക്ക് കേന്ദ്ര സർക്കാർ എൻ.എച്ച്.എം. വഴി നൽകുന്ന പ്രതിമാസ ഇൻസെന്റീവും സംസ്ഥാന സർക്കാർ മാസംതോറും നൽകുന്ന ഓണറേറിയവും വിവിധ പദ്ധതികളിൽ നിന്നുമുള്ള ഇൻസെന്റീവും ലഭിക്കുന്നുണ്ട്. 2022 ഏപ്രിൽ മുതൽ പ്രതിമാസ ടെലഫോൺ അലവൻസായി 200 രൂപ നൽകുന്നുണ്ട്. നിലവിൽ രണ്ട് മാസത്തെ ഓണറേറിയം അനുവദിക്കുന്ന രീതിക്കുപകരം മൂന്ന് മാസത്തെ ഓണറേറിയത്തിനുള്ള അനുമതി നൽകുകയും 2023 ഫെബ്രുവരി മാസം വരെയുള്ള ഓണറേറിയം വിതരണം ചെയ്യുന്നതിനായി 184.34 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എൻ.എച്ച്.എം. മുഖാന്തരം സേവനമനുഷ്ഠിക്കുന്ന സ്കൂൾ ഹെൽത്ത് നഴ്സുമാർക്ക് കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരമാണ് ശമ്പള വർദ്ധനവ് നൽകുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ആയുഷ് മിഷൻ മുഖേന കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് 5 ശതമാനം വാർഷിക ശമ്പളവർദ്ധനവ് ഈ സാമ്പത്തികവർഷം മുതൽ അനുവദിച്ചിട്ടുണ്ട്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം 567.64 കോടിരൂപ

ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകുകയും കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ സംസ്ഥാന വിഹിതത്തിൽ നിന്നും തുക അഡ്വാൻസായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പാചകത്തൊഴിലാളികൾക്കുള്ള ഏപ്രിൽ-മെയ് മാസത്തെ സമാശ്വാസ വേതനം ഒരാഴ്ചയ്ക്കുള്ളിൽ നൽകുന്നതാണ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അങ്കണവാടി വർക്കർ/മിനി അങ്കണവാടി വർക്കർ/ഹെൽപ്പർ എന്നിവർക്ക് ഓണറേറിയം നൽകിവരുന്നുണ്ട്. ക്രഷുകളിലെ വർക്കർമാർക്ക് 2022 ഡിസംബർ മാസംവരെയുള്ള ഓണറേറിയം നൽകുന്നതിനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് കൂടുതൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനായി ലേബർ ബഡ്ജറ്റ് വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധ സ്കീം വർക്കർമാരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കാൻ കഴിയുന്നവിധത്തിൽ പദ്ധതികൾ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനുമായി മന്ത്രിമാരുടെയും ഉന്നതഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർക്കണമെന്ന നിർദ്ദേശവും വിവിധ തൊഴിലാളി സംഘടന നേതാക്കളുമായി ചർച്ച ചെയ്യുന്നകാര്യവും പരിഗണിക്കുന്നതാണ്.

(ശ്രീ. സി. ആർ. മഹേഷ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ

ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

## IV. വ്യക്തിപരമായ വിശദീകരണം

പ്രതിപക്ഷനേതാവിന്റെ പരാമർശം

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചതിനെത്തുടർന്നുള്ള പ്രതിപക്ഷനേതാവിന്റെ പ്രസംഗത്തിൽ വ്യക്തിപരമായി എന്നെ ആക്ഷേപിക്കുന്ന രീതിയിലുള്ള പരാമർശങ്ങളുണ്ടായി. തികച്ചും വസ്തുതാവിരുദ്ധമായ പരാമർശമാണ് അദ്ദേഹം സഭയിൽ ഉന്നയിച്ചത്. ഞാൻ 5-ാം തീയതി അവിടെ പോവുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തിരുന്നു. ആരോഗ്യവിദഗ്ദ്ധരുടെ നിർദ്ദേശപ്രകാരമുള്ള പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായാണ് എൻ.95 മാസ്ക് ധരിക്കണമെന്നാവശ്യപ്പെട്ടിട്ടുള്ളത്. സഭ മുമ്പാകെ പ്രതിപക്ഷനേതാവ് ഉന്നയിച്ച വസ്തുതാവിരുദ്ധമായ പ്രസ്താവന പിൻവലിക്കണം.

## V. സബ്മിഷൻ

(1) പാലോട് ഫയർസ്റ്റേഷൻ

ശ്രീ. ഡി. കെ. മുരളി: വാമനപുരം നിയോജകമണ്ഡലത്തിൽ പാലോട് കേന്ദ്രമാക്കി ഫയർ സ്റ്റേഷൻ ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

(2) നെല്ല് സംഭരണം

ശ്രീ. മുരളി പെരുനെല്ലി: തൃശ്ശൂർ ജില്ലയിൽ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

(സർവ്വശ്രീ സി. ആർ. മഹേഷ്, ടി. ജെ. വിനോദ്, കെ. പി. എ. മജീദ് എന്നീ ബഹു. അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ സബ്മിഷനുകൾ അവതരിപ്പിച്ചില്ല.)

(3) ദേശീയ സമ്പാദ്യപദ്ധതി ഏജന്റുമാരുടെ പ്രശ്നങ്ങൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ദേശീയ സമ്പാദ്യപദ്ധതിയിൽ കൂടുതൽ ഏജന്റുമാരെ നിയമിക്കുന്നതിനും നിലവിലുള്ളതും വിരമിച്ചതുമായ തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു.)

(ശ്രീ. ടി. ഐ. മധുസൂദനൻ, ശ്രീമതി ദെലീമ, ശ്രീ. സി. സി. മുകുന്ദൻ എന്നീ അംഗങ്ങളുടെ സബ്മിഷനുകൾക്കുള്ള മറുപടി ബന്ധപ്പെട്ട മന്ത്രിമാർ മേശപ്പുറത്തുവച്ചു.)

## VI. ധനകാര്യം

### 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XVIII | - | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും (9430,75,85,000 രൂപ) |
| ധനാഭ്യർത്ഥന നമ്പർ XIX | - | കുടുംബക്ഷേമം (508,67,78,000 രൂപ) |

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

ഡോ. സുജിത് വിജയൻപിള്ള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുജനാരോഗ്യ-രോഗപ്രതിരോധരംഗത്തെ വകുപ്പിന്റെ പ്രവർത്തനങ്ങൾ

മാതൃകാപരമാണ്. നീതി ആയോഗ് സൂചികയിൽ തുടർച്ചയായി ഒന്നാം സ്ഥാനം കരസ്ഥമാക്കാനായതും മാതൃ-ശിശു മരണനിരക്ക് കുറയ്ക്കാൻ സാധിച്ചതും എസ്.എ.ടി. ആശുപത്രിയെ സെന്റർ ഫോർ എക്സലൻസായി ഉയർത്താൻ കഴിഞ്ഞതും കാസ്പ് മുഖേന 1400 കോടി രൂപയുടെ സൗജന്യ ചികിത്സ നൽകാനായതും 157 ആരോഗ്യസ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരം നേടാനായതും അഭിമാനാർഹമാണ്.

(ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ തീപിടിത്തമുണ്ടായത് സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടത്താൻ തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ബഹു. പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും തുടർന്ന് പ്രതിപക്ഷം ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

<u>ഡോ. സുജിത് വിജയൻപിള്ള (തുടർച്ച)</u>: പകർച്ച-പകർച്ചേതര വ്യാധികൾ തടയുന്നതിനായി സബ് സെന്ററുകളെ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളാക്കി മാറ്റാൻ സാധിച്ചതും ആർദ്രം പദ്ധതി മുഖേന കുടുംബാരോഗ്യ കേന്ദ്രങ്ങളിലൂടെ നിരവധി ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്താനായതും സ്വാഗതാർഹമാണ്. താലൂക്കാശുപത്രികൾ, ജനറൽ ആശുപത്രികൾ എന്നിവയെ യഥാക്രമം മൾട്ടി സ്പെഷ്യാലിറ്റി/സൂപ്പർ

സ്പെഷ്യാലിറ്റി ആശുപത്രികളാക്കി ഉയർത്താനായതും ഓക്സിജന്റെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനായതും ഒ.പി. വിഭാഗത്തെ ജനസൗഹൃദമാക്കാനായതും ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കാൻ സാധിച്ചതും വകുപ്പിന്റെ നേട്ടങ്ങളാണ്. വീടുകളിൽ പോയി ചികിത്സ നൽകുന്നതിനായി പ്രൈമറി പാലിയേറ്റീവ് കെയർ പദ്ധതി ആരംഭിക്കാനായതും കുഞ്ഞുങ്ങൾക്കായി 'ശലഭം' പദ്ധതി നടപ്പാക്കാനായതും അപൂർവ്വ രോഗങ്ങൾക്കുള്ള ചികിത്സയ്ക്ക് പരിഗണന നൽകാനായതും ആശ്വാസ നടപടികളാണ്. ആരോഗ്യപ്രവർത്തകർക്കും സ്ഥാപനങ്ങൾക്കുമെതിരെ നടക്കുന്ന കയ്യേറ്റങ്ങൾ ഫലപ്രദമായി തടയുന്നതിന് നിയമം ശക്തമാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

<u>ശ്രീമതി സി. കെ. ആശ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സേവന മേഖലയിലെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ആശുപത്രികളെ ഡിജിറ്റലൈസ് ചെയ്യുന്നതിനും രോഗപ്രതിരോധത്തിന് പ്രാധാന്യം നൽകുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങളും കോവിഡിനെത്തുടർന്ന് ഹൃദയസംബന്ധമായ കാരണങ്ങളാലുള്ള മരണങ്ങളും തടയുന്നതിനും അവയവദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും പൊതുജനങ്ങളിൽ അവബോധം

സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം. നീതി ആയോഗിന്റെ ദേശീയ ആരോഗ്യ സൂചികയിൽ ഒന്നാം സ്ഥാനത്തെത്താനും മികച്ച സേവനങ്ങൾക്കുള്ള പുരസ്കാരങ്ങൾ കരസ്ഥമാക്കാനും വകുപ്പിന് സാധിച്ചിട്ടുണ്ട്.

ശ്രീമതി ദെലീമ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യായാമത്തിന് പ്രാധാന്യം കൊടുക്കേണ്ടതിന്റെ ആവശ്യകത മുൻനിർത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിസ്ഥലവും വ്യായാമം ചെയ്യാനുള്ള സൗകര്യവും ഒരുക്കുന്നതിന് സ്വീകരിച്ച നടപടിയെ അഭിനന്ദിക്കുന്നു. ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിന് ആരോഗ്യവകുപ്പ് ആവിഷ്കരിച്ച ജനകീയ ക്യാമ്പയിനും സ്ക്രീനിംഗും രാജ്യത്തിനുതന്നെ മികച്ച മാതൃകയാണ്. പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി 12 ജില്ലകളിലായി നടപ്പിലാക്കിയതും സൗജന്യ സ്ട്രോക്ക് ചികിത്സാ സംവിധാനം 10 ജില്ലകളിൽ യാഥാർത്ഥ്യമാക്കിയതും എല്ലാ ആശുപത്രികളിലും ആഴ്ചയിലൊരിക്കൽ കാൻസർ പ്രാരംഭ പരിശോധനാ ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചതും സ്വാഗതാർഹമാണ്. ഇ-ഹെൽത്ത് സംവിധാനം സംസ്ഥാനത്തെ മുഴുവൻ സർക്കാർ ആശുപത്രികളിലും നടപ്പിലാക്കുമെന്ന പ്രഖ്യാപനവും സർക്കാർ ആശുപത്രികളിൽ അവയവമാറ്റ

ശസ്ത്രക്രിയയ്ക്ക് സൗകര്യമൊരുക്കുമെന്ന പ്രഖ്യാപനവും ശ്രദ്ധേയമാണ്. ജീവിത ശൈലീരോഗ നിർണ്ണയത്തിനും ചികിത്സയ്ക്കുമായി ശ്വാസ് ക്ലിനിക് ആരംഭിച്ചതും കൗമാരക്കാരിലും സ്ത്രീകളിലും വ്യാപകമായി കാണുന്ന ആരോഗ്യപ്രശ്നമായ അനീമിയ തടയാൻ 'വിവ കേരളം' കാമ്പയിൻ ആരംഭിച്ചതും പകർച്ചവ്യാധി നിർമ്മാർജ്ജനത്തിനായി കർമ്മപദ്ധതികൾ തയ്യാറാക്കിയതും ഭക്ഷ്യസുരക്ഷാ പരിശോധനയ്ക്കായി പ്രത്യേക ദൗത്യസേന രൂപീകരിച്ചതും പ്രശംസനീയമാണ്. ശിശുമരണ നിരക്ക് കുറയ്ക്കാൻ ആരോഗ്യ വകുപ്പ് രൂപം നൽകിയ ഹൃദ്യം പദ്ധതിയിലൂടെ ഒട്ടനവധി കുഞ്ഞുങ്ങളുടെ ജീവൻ രക്ഷിക്കാൻ സാധിച്ചിട്ടുണ്ട്. അരൂരിലെ തുറവൂർ താലൂക്കാശുപത്രിയിലും അരൂക്കുറ്റി കുടുംബാരോഗ്യ കേന്ദ്രത്തിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും കുറവ് നികത്താനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ആശുപത്രിയുടെ വികസനത്തിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയും വേണം. കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ഒ.പി. സമയം വൈകുന്നേരം 6.00 മണിവരെ ക്രമീകരിച്ചെങ്കിലും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും അഭാവം വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തര ശ്രദ്ധ ചെലുത്തണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷിതത്വം എന്നീ മേഖലകളിൽ സമാനതകളില്ലാത്ത നേട്ടങ്ങൾ കൈവരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. സാംക്രമികരോഗങ്ങളെ പ്രതിരോധിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. എരുമേലി സാമൂഹികാരോഗ്യകേന്ദ്രം, ഈരാറ്റുപേട്ട, മുണ്ടക്കയം കുടുംബാരോഗ്യകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കി അവയെ താലൂക്കാശുപത്രികളായി ഉയർത്താൻവേണ്ട നടപടി സ്വീകരിക്കണം.

ശ്രീ. പി. മമ്മിക്കുട്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാരിന്റെ സമയോചിതമായ ഇടപെടലുകൾകൊണ്ടാണ് ബ്രഹ്മപുരത്തുണ്ടായ തീപിടിത്തം നിയന്ത്രണവിധേയമാക്കാൻ സാധിച്ചത്. ആരോഗ്യരംഗത്ത് ആദരവും അംഗീകാരവും നേടിയെടുക്കുന്ന ജനക്ഷേമകരമായ പദ്ധതികളെ പ്രതിപക്ഷം എതിർക്കുന്നത് അപലപനീയമാണ്. കേരളത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് തുരങ്കം വയ്ക്കുന്ന കേന്ദ്ര നയങ്ങൾക്ക് സർവ്വാത്മനാ പിന്തുണ നൽകുന്ന സമീപനമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. പാലക്കാട് മെഡിക്കൽ കോളേജിൽ ഐ.പി. ആരംഭിച്ച് പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും ചെർപ്പുളശ്ശേരി

പൊതുജനാരോഗ്യ കേന്ദ്രത്തെ താലൂക്കാശുപത്രിയുടെ പദവിയിലേയ്ക്കുയർത്തുന്നതിനും ഷൊർണ്ണൂരിലെ ICONS-ന്റെ ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനും താൽക്കാലിക/കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തി മിനിമം വേതനം നൽകുന്നതിനും നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന്റെ വികസന താൽപ്പര്യങ്ങളെ ഹനിക്കുന്ന കേന്ദ്ര നിലപാടിനെതിരെ പ്രതികരിക്കാൻ തയ്യാറാകാത്ത പ്രതിപക്ഷ നിലപാട് അപലപനീയമാണ്.

<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രതിപക്ഷം ഇരട്ടത്താപ്പ് നയമാണ് സ്വീകരിക്കുന്നത്. ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിൽ പ്ലാസ്റ്റിക് ഒഴിവാക്കാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലെടുത്ത തീരുമാനം സ്വാഗതാർഹമാണ്. ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റ് ഏറ്റെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതോടൊപ്പം അവിടെ സേവനമനുഷ്ഠിക്കുന്ന സെൽഫ് ഡിഫൻസ് ടീമംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനെക്കുറിച്ചും ആലോചിക്കണം. ന്യൂട്രോ-സ്യൂട്ടിക്കൽസ് പദ്ധതിക്കായി 5 കോടി രൂപ വകയിരുത്തിയതും അനീമിയമുക്ത കേരളത്തിനായി 'വിവ കേരളം'

ക്യാമ്പയിൻ ആവിഷ്കരിച്ചതും ശ്ലാഘനീയമാണ്. 'പോസ്റ്റ്പാർട്ടം ഡിപ്രഷൻ' പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട പ്രചാരണ പ്രവർത്തനങ്ങൾ വ്യാപകമാക്കണം. വടവുകോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ മേഖലയ്ക്കായി വകയിരുത്തിയിരിക്കുന്ന തുകയ്ക്കുപുറമെ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്ത അധികതുകകൂടി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ നിരവധി പുരസ്കാരങ്ങൾ നേടാനായതും ആരോഗ്യ സൂചികയിൽ മുന്നിലെത്താനായതും ആരോഗ്യ വകുപ്പിന്റെ പ്രവർത്തന മികവ് വ്യക്തമാക്കുന്നതാണ്. ആരോഗ്യരംഗത്ത് ആധുനിക പദ്ധതികൾ കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കണം. രോഗികളോടും കൂട്ടിരിപ്പുകാരോടും ജനപ്രതിനിധികളോടും മാന്യമായി പെരുമാറുന്നതിന് സെക്യൂരിറ്റി ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും രോഗികളോടുള്ള ഡോക്ടർമാരുടെ സമീപനത്തിൽ മാറ്റം വരുത്തുന്നതിനും നടപടിയുണ്ടാകണം. മൃതസഞ്ജീവനി പദ്ധതിയിലെ നടപടിക്രമങ്ങൾ ലഘൂകരിച്ച് അവയവമാറ്റ ശസ്ത്രക്രിയയിലെ കാലതാമസം ഒഴിവാക്കുന്നതിനും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അവയവമാറ്റം

ഉൾപ്പെടെയുള്ള ശസ്ത്രക്രിയകൾ നടത്തുന്നതിലെ അനാസ്ഥ അവസാനിപ്പിക്കുന്നതിനും മുൻകയ്യെടുക്കണം. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും സബ് സെന്ററുകളും നവീകരിക്കാൻ എം.എൽ.എ.-മാർ ആസ്തിവികസന ഫണ്ടിൽനിന്നും തുക ചെലവഴിക്കണം.

ശ്രീ. എം. വിജിൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഉയർന്നുവരുന്ന രോഗാതുരതയും പുത്തൻ പകർച്ചവ്യാധികളും ആരോഗ്യരംഗത്ത് നിരന്തരം ഭീഷണി ഉയർത്തിക്കൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് കേരളം ആരോഗ്യമേഖലയിൽ ലോകത്തിന് മാതൃകയായി മുന്നോട്ടുപോകുന്നത്. വിളർച്ചമുക്ത കേരളത്തിനായി 'വിവ' കാമ്പയിൻ ആവിഷ്കരിച്ചത് സ്വാഗതാർഹമാണ്. കേന്ദ്ര അവഗണനയ്ക്കിടയിലും കേരളത്തിന് ആരോഗ്യ സൂചികയിൽ ദേശീയതലത്തിൽ ഒന്നാം സ്ഥാനം നിലനിർത്താനും ദേശീയ അന്തർദേശീയതലങ്ങളിൽ നിരവധി പുരസ്കാരങ്ങൾ നേടാനായതും അഭിമാനാർഹമാണ്. മാതൃ-ശിശു മരണനിരക്ക് കുറയ്ക്കാനായതും ഹൃദ്യം പദ്ധതിയിലൂടെ കുട്ടികൾക്ക് സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ സൗജന്യ ഹൃദയ ശസ്ത്രക്രിയ നടത്താനായതും വയോജന ചികിത്സയ്ക്ക് ജില്ലകൾക്ക് പ്രത്യേക ഫണ്ട് അനുവദിച്ചതും കാഴ്ചപ്രശ്നമുള്ള മുഴുവൻ വയോജനങ്ങൾക്കും തിമിര ശസ്ത്രക്രിയ നടത്തുന്നതിനായി

'തിമിരമുക്ത കേരളം' പദ്ധതി ആവിഷ്കരിച്ചതും ശ്രദ്ധേയമാണ്. തിരുവനന്തപുരം, കോട്ടയം മെഡിക്കൽ കോളേജുകളിൽ കരൾമാറ്റ ശസ്ത്രക്രിയ യാഥാർത്ഥ്യമാക്കിയതും കോഴിക്കോട് ഓർഗൻ ട്രാൻസ്പ്ലാന്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതും അവയവമാറ്റരംഗത്തെ ശ്രദ്ധേയമായ നേട്ടമാണ്. കേരളത്തിലെ ആരോഗ്യ മേഖല ഇന്ത്യയ്ക്കുതന്നെ മാതൃകയാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചും മികച്ച സേവനം ഉറപ്പാക്കിയും ഹോട്ടലുകളിൽ ഭക്ഷ്യസുരക്ഷാ പരിശോധന കാര്യക്ഷമമാക്കിയും മാലിന്യ നിർമ്മാർജ്ജനത്തിന് മുൻകയ്യെടുത്തും മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തും മെഡിസെപ് ഉൾപ്പെടെ വിവിധ പദ്ധതികൾക്ക് രൂപം നൽകിയും മുന്നോട്ടുപോകുന്ന സർക്കാരാണിത്. മെഡിക്കൽ കോളേജുകളിലെ കാർഡിയോളജി വിഭാഗത്തിലും ഫാർമസി, ദന്തൽ വിഭാഗങ്ങളിലുമുൾപ്പെടെ ആവശ്യത്തിന് ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കാനും നിലവിലെ പി.ജി. സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാനും ആയുർവ്വേദ കോളേജുകളിലുൾപ്പെടെ പുതിയ പി.ജി. കോഴ്സുകൾ അനുവദിക്കാനും പുതിയ അക്കാദമിക് ബ്ലോക്കിനുള്ള തുക അനുവദിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എല്ലാവർക്കും പ്രാപ്യമായതും തുല്യമായതും ഗുണമേന്മയുള്ളതുമായ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതാണ് കേരളത്തിലെ ആരോഗ്യമേഖല. മികച്ച പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് നീതി ആയോഗിന്റെ ദേശീയ ആരോഗ്യ സൂചികയിൽ കേരളം ഒന്നാം സ്ഥാനത്തെത്തിയതും നിരവധി പുരസ്കാരങ്ങൾ കരസ്ഥമാക്കിയതും. എസ്.എം.എ (സ്പൈനൽ മസ്കുലർ അട്രോഫി) പോലുള്ള അപൂർവ്വ രോഗങ്ങൾ ചികിത്സിക്കുന്നതിനുവേണ്ടി എസ്.എ.ടി. തുടങ്ങിയ ആശുപത്രികളെ സ്പെഷ്യൽ കേന്ദ്രമാക്കി മാറ്റുന്നതിനും തിരുവനന്തപുരത്തെ ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. പാരിപ്പള്ളി മെഡിക്കൽ കോളേജിൽ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി എന്നീ വിഭാഗങ്ങളിൽ അടിയന്തരമായി ഡോക്ടർമാരെ നിയമിക്കാനും കെ.എം.എസ്.സി.എൽ.-ന്റെ പ്രവർത്തനം ത്വരിതപ്പെടുത്താനും നടപടിയുണ്ടാകണം.

<u>ശ്രീ. മുരളി പെരുനെല്ലി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ വകുപ്പ് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചതിന്റെ ഫലമായിട്ടാണ് നിരവധി ദേശീയ പുരസ്കാരങ്ങൾ നേടാനായത്. ചിട്ടയായ

പ്രവർത്തനത്തിലൂടെ സമസ്ത മേഖലകളിലും മുമ്പെങ്ങുമില്ലാത്തവിധത്തിലുള്ള വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റിന്റെ ദുരവസ്ഥയുടെ പ്രധാന കാരണം യു.ഡി.എഫ്.-ന്റെ നയസമീപനങ്ങളാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സാമൂഹിക വികസനത്തിലൂടെ മെച്ചപ്പെട്ട ആരോഗ്യ അവസ്ഥയും വികസിത രാജ്യങ്ങൾക്ക് സമാനമായ ആരോഗ്യ സൂചകങ്ങളും കൈവരിക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിലെ മികച്ച പ്രവർത്തനങ്ങളിലൂടെ നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ തുടർച്ചയായി ഒന്നാമതെത്താൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കുകീഴിൽ എംപാനൽ ചെയ്തിട്ടുള്ള 761 സർക്കാർ-സ്വകാര്യ ആശുപത്രികളിലൂടെ 2021-22 സാമ്പത്തിക വർഷത്തിൽ 5,41,233 ഗുണഭോക്താക്കൾക്കും ഈ സാമ്പത്തിക വർഷം ഡിസംബർ വരെ 5,08,120 ഗുണഭോക്താക്കൾക്കും ചികിത്സാ സൗകര്യം ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിനുകീഴിൽ പി.എസ്.സി. മുഖേന 2,946 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ

മാത്രം ലഭ്യമായിരുന്ന ഹൃദ്രോഗ, ആൻജിയോപ്ലാസ്റ്റി ചികിത്സകൾ ആർദ്രം പദ്ധതിപ്രകാരം 11 ജില്ലാ ആശുപത്രികളിൽക്കൂടി ലഭ്യമാക്കിയിട്ടുണ്ട്. വയനാട് ജില്ലയിൽ രണ്ട് മാസത്തിനകം കാത്ത് ലാബ് പ്രവർത്തനം ആരംഭിക്കുന്നതാണ്. കാസർഗോഡ് ജില്ലയിൽ ഇ.ഇ.ജി. മെഷീൻ സ്ഥാപിക്കുകയും ന്യൂറോളജിസ്റ്റുകളുടെ സ്ഥിരം തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്തതിനുപുറമെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലെ കാത്ത് ലാബിൽ ആൻജിയോപ്ലാസ്റ്റി, ആൻജിയോഗ്രാം സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പതിനൊന്ന് ജില്ലകളിൽ നടപ്പിലാക്കിവരുന്ന പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി മറ്റ് ജില്ലകളിലും വ്യാപിപ്പിക്കുന്നതാണ്. ഇടമലക്കുടി, ചട്ടമൂന്നാർ ആരോഗ്യ കേന്ദ്രങ്ങളിൽ സൃഷ്ടിച്ച തസ്തികകൾ ഉൾപ്പെടെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ 347 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. 'ഹൃദ്യം' പദ്ധതിയുടെ കീഴിൽ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്ത 8,468 കേസുകളിൽ 3,000 പേർക്ക് ഹൃദയ ചികിത്സ നൽകിയിട്ടുണ്ട്. ഹീമോഫീലിയ, ഹീമോഗ്ലോമിനോപ്പതി രോഗികൾക്ക് സമഗ്ര വികേന്ദ്രീകൃത പരിചരണം ഉറപ്പാക്കുന്നതിനുള്ള 'ആശാധാര' പദ്ധതിക്കുകീഴിൽ 14 ജില്ലാ ഡേ കെയർ സെന്ററുകളും രണ്ട് പ്രാദേശിക ചികിത്സാ കേന്ദ്രങ്ങളും

ആരംഭിച്ചതോടൊപ്പം താലൂക്ക് ആശുപത്രികൾ വഴി പദ്ധതിയുടെ സേവനം ലഭ്യമാക്കുന്നതിനും രോഗികളുടെ ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 157 ആരോഗ്യ സ്ഥാപനങ്ങൾക്ക് നാഷണൽ ക്വാളിറ്റി അക്രഡിറ്റേഷനും പത്ത് ആശുപത്രികൾക്ക് ദേശീയ 'ലക്ഷ്യ' സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള 528 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് സംവിധാനം ഏർപ്പെടുത്തുന്നതിനും സംസ്ഥാനത്തെ 249 ആശുപത്രികളെ പേപ്പർലെസ് സ്ഥാപനങ്ങളാക്കുന്നതിനും വകുപ്പിനുകീഴിലെ മിക്ക ഡയറക്ടറേറ്റുകളും ഇ-ഓഫീസാക്കുന്നതിനും വകുപ്പിൽ പഞ്ചിംഗ് നടപ്പിലാക്കുന്നതിനും ഒരു വർഷം കൊണ്ട് 724 ഐ.സി.യു. കിടക്കകൾ, 878 ഓക്സിജൻ കിടക്കകൾ എന്നിവ സജ്ജമാക്കുന്നതിനും പുതുതായി 939 വെന്റിലേറ്ററുകൾ സ്ഥാപിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ക്യാൻസർ ചികിത്സയുമായി ബന്ധപ്പെട്ട് ക്യാൻസർ ഗ്രിഡ് രൂപീകരിക്കുന്നതിനും എലിപ്പനി രോഗനിർണ്ണയം വേഗത്തിലാക്കുന്നതിനുള്ള സംവിധാനം 10 ലാബുകളിലൊരുക്കാനും 199 ആശുപത്രികളിൽ ആന്റി-റാബീസ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്. അട്ടപ്പാടിക്കായി സ്പെഷ്യൽ ഇന്റർവെൻഷൻ പ്ലാൻ തയ്യാറാക്കാനും വയനാട്, പാലക്കാട് ഉൾപ്പെടെയുള്ള

ജില്ലകളിൽ സിക്കിൾ സെൽ അനീമിയ സ്ക്രീനിംഗ് പുനരാരംഭിക്കാനും ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടുകൂടി എല്ലാ ജില്ലകളിലും ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി നടപ്പിലാക്കാനും സാധിച്ചിട്ടുണ്ട്. സമഗ്രമായ ലാബ് നെറ്റ്‌വർക്കിംഗ് സിസ്റ്റം എറണാകുളം, മലപ്പുറം ജില്ലകളിൽ ആരംഭിച്ചതോടൊപ്പം മറ്റ് ജില്ലകളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. പുതുക്കിയ പാലിയേറ്റീവ് നയരേഖയ്ക്കനുസരിച്ചുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിയതോടൊപ്പം 10 മെഡിക്കൽ കോളേജുകളിൽ പാലിയേറ്റീവ് കെയർ വാർഡുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. കോന്നി, ഇടുക്കി മെഡിക്കൽ കോളേജുകളിൽ 100 വീതം ലഭിച്ച എം.ബി.ബി.എസ്. സീറ്റുകളിൽ ഈ വർഷം മുതൽ ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്. പാരിപ്പള്ളി, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ 60 സീറ്റ് വീതമുള്ള പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കാൻ കഴിഞ്ഞു. 26 സ്പെഷ്യാലിറ്റി സീറ്റുകൾക്കും 9 സൂപ്പർ സ്പെഷ്യാലിറ്റി സീറ്റുകൾക്കും അനുമതി ലഭ്യമായിട്ടുണ്ട്. സർക്കാർ മേഖലയിൽ സംസ്ഥാനത്താദ്യമായി സ്പൈനൽ മസ്കുലർ അട്രോഫിയുമായി ബന്ധപ്പെട്ട ഒരു ക്ലിനിക്ക് തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ ആരംഭിച്ചതിനുപുറമെ അവിടെ ഒരു ജനറ്റിക്സ് ഡിപ്പാർട്ട്മെന്റുകൂടി ആരംഭിക്കാൻ പോകുകയാണ്. സർക്കാർ മേഖലയിലെ

ആദ്യത്തെ ന്യൂറോ കാത്ത് ലാബ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവർത്തനസജ്ജമായിട്ടുണ്ട്. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ സ്ട്രോക് രജിസ്ട്രി സെന്ററായി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ന്യൂറോളജി വിഭാഗത്തെ തെരഞ്ഞെടുത്തിരിക്കുകയാണ്. സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് സ്ഥാപിച്ചുകൊണ്ട് അപെക്സ് ട്രോമ എമർജൻസി ആന്റ് ലേണിംഗ് സെന്ററിൽ സംസ്ഥാനതല ഓഫീസ് സജ്ജമാക്കുന്നതിനും സംസ്ഥാനത്ത് ട്രാൻസ്പ്ലാന്റേഷനുവേണ്ടി മാത്രമായി ഒരു ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം-തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ആധുനിക രീതിയിലുള്ള ബേൺസ് യൂണിറ്റ് സ്ഥാപിക്കുകയും ഭിന്നശേഷി/ഓട്ടിസം കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കുമാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മാസ്റ്റർ പ്ലാനിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മേൽപ്പാല നവീകരണമുൾപ്പെടെ 36 കോടി രൂപയുടെ റോഡ് നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ ഫാർമസി കോളേജിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും പോർട്ടബിൾ എക്കോ മെഷീൻ, ലാപ്രോസ്കോപ്പി യൂണിറ്റ്, മോഡുലർ ഓപ്പറേഷൻ തിയേറ്റർ എന്നിവ

പ്രവർത്തനസജ്ജമാക്കുകയും ഇന്റഗ്രേറ്റഡ് അനലൈസർ, കുട്ടികളുടെ ആശുപത്രിയിൽ ഓക്സിജൻ ജനറേറ്റർ, നെഫ്രോളജി ലാബ് എന്നിവ സ്ഥാപിക്കുകയും ചെയ്തു. മഞ്ചേരി മെഡിക്കൽ കോളേജിൽ അഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും കാത്ത്ലാബിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരണഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. വയനാട് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. അഡ്മിഷന് KUHS അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ മദർ ആൻഡ് ചൈൽഡ് ഐ.സി.യു., മിൽക്ക് ബാങ്ക് സംവിധാനങ്ങൾ എന്നിവ ആരംഭിക്കുകയും മാതൃ-ശിശു സംരക്ഷണ കേന്ദ്രത്തിൽ 16 സ്ലൈസ് സി.ടി. സ്കാൻ, അൾട്രാ സൗണ്ട് മെഷീൻ എന്നിവ സ്ഥാപിക്കുകയും ഓർത്തോ ഐ.സി.യു.-വിന്റെയും റെസിഡൻസ് ക്വാർട്ടേഴ്സിന്റെയും നിർമ്മാണം പൂർത്തീകരിക്കുകയും നെഞ്ചുരോഗാശുപത്രിയിൽ ക്രിട്ടിക്കൽ കെയർ യൂണിറ്റ് പ്രവർത്തനസജ്ജമാക്കുകയും PET CT Scan സെന്റർ ആരംഭിക്കാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. താമരശ്ശേരി താലൂക്കിലെ കിനാലൂരിൽ എയിംസിനാവശ്യമായ സ്ഥലമുൾപ്പെടെയുള്ള സൗകര്യങ്ങൾ സജ്ജമാക്കുകയും എയിംസ് അനുവദിക്കണമെന്ന് വീണ്ടും കേന്ദ്രത്തോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എറണാകുളം മെഡിക്കൽ കോളേജിൽ

ഡിജിറ്റൽ മാമോഗ്രാഫി സംവിധാനമേർപ്പെടുത്തുകയും വിപുലീകരിച്ച ഡയാലിസിസ് ബ്ലോക്ക് പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തതിന്റെ ഭാഗമായി 772 തസ്തികകൾ സൃഷ്ടിക്കുകയും കാത്ത്ലാബ്, ഹാർട്ട് ലംഗ് മെഷീൻ, അനസ്തേഷ്യ വർക്സ്റ്റേഷൻ തുടങ്ങിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി 1.69 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോന്നി മെഡിക്കൽ കോളേജിലെ മൈനർ ഓപ്പറേഷൻ തിയേറ്ററിൽ 30 ഓക്സിജൻ ബെഡ്ഡുകൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബ്, ഫാർമസി എന്നിവ ആരംഭിക്കുകയും 128 സ്ലൈസ് സി.ടി. മെഷീൻ സ്ഥാപിക്കുകയും ഓക്സിജൻ പ്ലാന്റ് പൂർത്തിയാക്കുകയും അക്കാഡമിക് ബ്ലോക്കിൽ അനാട്ടമി, ബയോ കെമിസ്ട്രി, ഫാർമക്കോളജി ലാബുകൾ, ലൈബ്രറി, ലക്ചർ ഹാളുകൾ, അനാട്ടമി മ്യൂസിയം എന്നിവ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. ന്യൂക്ലിയർ മെഡിസിൻ വിഭാഗത്തിലേയ്ക്ക് 77 ലക്ഷം രൂപ വിനിയോഗിച്ച് ഗാലിയം 68 ഓട്ടോമേറ്റഡ് ജനറേറ്ററും സിന്തസൈസറും ടി.എൽ.സി.സ്കാനറും സ്ഥാപിച്ചിട്ടുണ്ട്. ഈ വർഷം സെപ്തംബർ മാസത്തോടുകൂടി ആർ.സി.സി.-യിലും എം.സി.സി.-യിലും റോബോട്ടിക് സർജറി ആരംഭിക്കുന്നതാണ്. മലബാർ കാൻസർ സെന്ററിൽ ഈ വർഷം

Ocular Oncology വിഭാഗം ആരംഭിക്കുകയും 15 പേർ ചികിത്സ തേടുകയും ചെയ്തിട്ടുണ്ട്. ആയുഷ് മേഖലയുമായി ബന്ധപ്പെട്ട് കണ്ണൂരിൽ നിർമ്മിക്കുന്ന രാജ്യാന്തര ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ആയുഷ് മേഖലയിൽ വാണിജ്യപരമായി ഔഷധസസ്യങ്ങൾ നടുന്നതിനും വില്പന നടത്തുന്നതിനുമായി വിവിധ സംഘടനകളുടെ നേതൃത്വത്തിൽ സ്റ്റേറ്റ് മെഡിക്കൽ ബോർഡിന്റെ സഹായത്തോടെ മെഡിസിനൽ പ്ലാന്റ് ബോർഡുകൾ ആരംഭിക്കുന്നതിനുള്ള കർമ്മപദ്ധതി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 14 ആശുപത്രികളെ 2023-24 സാമ്പത്തിക വർഷം വെൽനസ് സെന്ററുകളാക്കി മാറ്റാനാണുദ്ദേശിക്കുന്നത്. ആരോഗ്യപ്രവർത്തകർക്ക് പരിരക്ഷ നൽകുന്നതിനായി സമഗ്രമായൊരു നിയമനിർമ്മാണം നടത്താനുള്ള പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച 'വിവ കേരളം' പദ്ധതിയുടെ ഭാഗമായി 15-59 വയസ്സുവരെ പ്രായമുള്ള സ്ത്രീകൾക്ക് രക്തപരിശോധന നടത്തി വിളർച്ച കണ്ടെത്തുന്നതിനുള്ള പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട് ഒരു ഹെൽത്ത് ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനും ഇതിന്റെ ഭാഗമായി സബ് സെന്ററുകളെ ജനകീയ

ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി ജനകീയ ക്ലബ്ബുകൾ സംഘടിപ്പിക്കാനും ഉദ്ദേശിക്കുന്നു. ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റ് തീപിടിത്തവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച അഗ്നിശമനസേനാംഗങ്ങൾ, സിവിൽ ഡിഫൻസ് സേനയിലെ അംഗങ്ങൾ എന്നിവർക്ക് സർക്കാരിന്റെ ആരോഗ്യ സ്ഥാപനങ്ങളിൽ തുടർച്ചയായി സമഗ്രമായ ആരോഗ്യ പരിശോധന നടത്താനും ആവശ്യമുള്ളവർക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകാനും നടപടി സ്വീകരിക്കുന്നതാണ്. വനിതാ ശിശുവികസന വകുപ്പ് പോസ്റ്റ്പാർട്ടം ഡിപ്രഷനുമായി ബന്ധപ്പെട്ട് ആരംഭിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയതിനുള്ള കർമ്മ പദ്ധതികളാവിഷ്കരിക്കുന്നതാണ്. സർക്കാർ ആശുപത്രികൾ രോഗീസൗഹൃദമാക്കുന്നതിനും ജനസൗഹൃദമാക്കുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 02.21-ന് പിരിഞ്ഞു.

*****